Draft #2 of File 33076/AD A7-2/2022/AD A 7 Approved by Registrar on 21-May-2022 11:07 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.33076/AD A7-2/2022/എ ഡി എ 7 തീയതി: 21.05.2022

**വിജ്ഞാപനം**

**ഇന്റർ സ്കൂൾ സെന്ററുകളിൽ (NIPST/IIRBS)കോൺട്രാക്ട് ഫാക്കൽറ്റി തസ്തികയിൽ താൽകാലിക കരാർ നിയോഗം.**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി(NIPST), ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസ്(IIRBS) എന്നീ അന്തർ സ്കൂൾ പഠനകേന്ദ്രങ്ങളിൽ **കോൺട്രാക്ട് ഫാക്കൽറ്റി തസ്തികയിൽ** ചുവടെ ചേർത്തിരിക്കുന്ന ഒഴിവുകളിലേക്ക് താൽകാലിക കരാറടിസ്ഥാനത്തിൽ നിയോഗിക്കപ്പെടുന്നതിനു യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. കരാർ കാലാവധി ഒരു അക്കാദമിക വർഷം അവസാനിക്കും വരെ(2022 ജൂൺ 15 മുതൽ 2023 ഏപ്രിൽ 15 വരെ) ആയിരിക്കും.

| ക്ര.നമ്പർ | അന്തർ സ്കൂൾ പഠന കേന്ദ്രം | ഒഴിവ് | വിഷയം | റിസർവേഷൻ (*) |
|---|---|---|---|---|
| 1 | NIPST | 1 | മൈക്രോബയോളജി/ബയോടെക്നോളജി | E/B/T |
| | | 1 | ബോട്ടണി | OC |
| 2 | IIRBS | 2 | ഫിസിക്സ് | 1-M, 1-OC |
| | | 2 | കെമിസ്ട്രി | 1-E/B/T,1-EWS |
| | | 2 | ബയോളജി | 1-V, 1-OC |
| | | 1 | മാത്ത്മാറ്റിക്സ് | LC/AI |
| | | 1 | എൻവയോൺമെന്റൽ സയൻസ് | OC |
| | | 1 | കമ്പ്യൂട്ടർ സയൻസ് | SC |
| | | 1 | ഇംഗ്ലീഷ് | OC |

(*) Abbreviations - OC-Open Competition, E/B/T- Ezhava/Billava/Thiyaa, M-Muslim, SC-Scheduled Caste, LC/AI-Latin Catholic/Anglo Indian, V -Viswakarma, EWS-Economically weaker Sections

**യോഗ്യത:** യു.ജി സി മാനദണ്ഡങ്ങൾക്ക് വിധേയം. ബന്ധപ്പെട്ട വിഷയങ്ങളിൽ കുറഞ്ഞത് 55 % മാർക്കോടെ ബിരുദാനന്തര ബിരുദം(SC/ST വിഭാഗത്തിന് 50% മാർക്കോടെയുള്ള ബിരുദാനന്തര ബിരുദം), UGC/CSIR-NET പാസായിരിക്കണം.

**അഭികാമ്യയോഗ്യത:-** JRF/PHD പേപ്പർ പബ്ലിക്കേഷൻസ് / പ്രസൻന്റേഷൻസ്/അദ്ധ്യാപന പരിചയം.

**വേതനം :-** നിർദിഷ്ട യു.ജി.സി യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് പ്രതിദിനം 1750/- രൂപ പരമാവധി പ്രതിമാസം 43750/- (നാല്പത്തി മൂവായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം)രൂപ.
**പ്രായപരിധി :**-01.01.2022 ൽ 45 വയസ് കവിയരുത്. NIPST ൽ നിലവിലുള്ള ബോട്ടണി (1) തസ്തികയിലേക്ക് സർവകലാശാല / കോളേജിൽ നിന്ന് വിരമിച്ച പ്രൊഫസ്സർമാർക്കും അപേക്ഷിക്കാവുന്നതാണ്.

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന നിശ്ചിത അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ada7@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് 31.05.2022 വൈകിട്ട് 5 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്."Application for the Post of Contract Faculty in (NIPST/IIRBS)എന്ന സബ്ജക്ട് ഹെഡ് കൊടുത്തായിരിക്കണം ഇ - മെയിലിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

അപേക്ഷയ്ക്കൊപ്പം പ്രായം, എസ്എസ്എൽസി, വിദ്യാഭ്യാസ യോഗ്യത (പി ജി കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ് &ഡിഗ്രി സർട്ടിഫിക്കറ്റുകൾ)പ്രവൃത്തിപരിചയം, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, അധിക യോഗ്യത എന്നിവ കളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ കൂടി സമർപ്പിക്കണം. അപേക്ഷകളുടെ പ്രാഥമിക പരിശോധനയിൽ യോഗ്യരായ ഉദ്യോഗാർഥികളെ അഭിമുഖത്തിൽ പങ്കെടുപ്പിക്കുന്നതാണ്. അഭിമുഖത്തിന്റെ തീയതി പിന്നീട് അറിയിക്കുന്നതാണ്. പ്രസ്തുത അഭിമുഖത്തിന്റെ പ്രവേശനം തികച്ചും താൽക്കാലികവും അപേക്ഷകരുടെ വ്യക്തിഗത അക്കാദമിക രേഖകളുടെ പരിശോധനയ്ക്ക് വിധേയവുമായിരിക്കും.
റാങ്ക് പട്ടികയിൽ ഉൾപെടുത്താൻ പരിഗണിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ വ്യക്തിഗത വിദ്യാഭ്യാസ രേഖകളുടെ അസ്സൽ / ശരി പകർപ്പുകൾ എന്നിവ നിർദ്ദേശാനുസരണം സർവകലാശാലയിൽ പിന്നീട് സമർപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ തീയതിക്കു ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്. ടി തസ്തികകളിലേക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ സർവകലാശാലയുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

പകർപ്പ്:

1.ഓണററി ഡയറക്ടർ , BIIC
2.പബ്ലിക് റിലേഷൻസ് ഓഫീസർ /
3.പത്ര കുറിപ്പ്
4.കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
5. സർവ്വകലാശാല വെബ്സൈറ്റ്

Draft #2 of File 33076/AD A7-2/2022/AD A 7 Approved by Registrar on 21-May-2022 11:07 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

# MAHATMA GANDHI UNIVERSITY

## PROFORMA FOR APPLICATION FOR THE POST OF

## CONTRACT FACULTY ( NIPST/IIRBS)

| | | |
|---|---|---|
| Name | | |
| Address | | |
| Phone Number | | |
| Email id | | |
| Religion & Community | | |
| Age& Date of birth | | |
| **Essential Qualification** | Institution/University | Percentage of Marks |
| Postgraduate Degree (with at least 55% marks in related subjects)<br>UGC / CSIR -NET | | |
| **Desirable qualifications** | | |
| J R F/PHD Paper Publications / Presentations/<br>Teaching Experience | | Period and Duration |
| Any other relevant information | | |

**DECLARATION**

I hereby declare that all the information given above is true to the best of my knowledge and belief and I possess all the original documents to prove the claims made there in.

Place:

Signature:

Date:

Name:

(For Office Only)

Draft #2 of File 33076/AD A7-2/2022/AD A 7 Approved by Registrar on 21-May-2022 11:07 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം